## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.753** **29.09.2016 -ൽ മറുപടിക്ക്**

## റോഡുകളുടെയും നടപ്പാതകളുടെയും സുരക്ഷിതത്വം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | റോഡുകൾക്ക് ഇരുവശവും സ്വകാര്യവ്യക്തികളും സ്ഥാപനങ്ങളും, നിർമ്മാണ സാമഗ്രികളും തടികളും മറ്റും കൂട്ടിയിടുന്നതുമൂലം അപകടങ്ങളുണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ അനധികൃതമായി നിർമ്മാണ സാമഗ്രികളും മറ്റും റോഡിലും നടപ്പാതകളിലും കൂട്ടിയിടുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; | (ബി) | കേരള സർക്കാർ ഉത്തരവ് സ.ഉ(കൈ) നം. 63/16/പൊ.മ.വ, തീയതി 03.09.2016 പ്രകാരം റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ഹൈവേ അതോറിറ്റി ആയി നിയമിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റോഡുകളും നടപ്പാതകളും കൈയ്യേറുകയും അവയ്ക്ക് നാശനഷ്ടം വരുത്തുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടാൽ പൊതുമരാമത്ത് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ റോഡ് സ്ഥിതി ചെയ്യുന്ന പ്രദേശത്തെ പോലീസ് സ്റ്റേഷനിൽ രേഖാമൂലം പരാതി നൽകുന്നതും അതിന്റെ പകർപ്പ് ജില്ലാ കളക്ടർക്കും പോലീസ് മേധാവിയ്ക്കും നൽകുന്നതുമാണ്. ബന്ധപ്പെട്ട ജില്ലാതല അവലോകനയോഗങ്ങളിൽ ഇവ റിവ്യൂ ചെയ്യുന്നതാണ്. ഇത്തരത്തിലുള്ള പരാതിയിൻമേൽ പോലീസ് അധികാരികൾ 7 ദിവസത്തിനുള്ളിൽ നടപടി സ്വീകരിക്കുന്നതാണ്. നിയമലംഘനം നടത്തുന്നവർക്കെതിരെ കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിലെ 12 മുതൽ 35 വരെ വകുപ്പുകൾ പ്രകാരം കർശന നടപടി സ്വീകരിക്കുന്നതും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പോലീസ് ഉദ്യോഗസ്ഥരും സ്വീകരിക്കുന്നതാണ്. യഥാസമയം നടപടി |

സ്വീകരിക്കാത്ത ഉദ്യോഗസ്ഥന്മാരെയും കുറ്റക്കാരായി കണ്ടു നടപടി സ്വീകരിക്കുന്നതാണ്.

(സി) റോഡുകളുടെ നിർമ്മാണത്തിനും മറ്റുമായി നിർമ്മാണ സാമഗ്രികളും യന്ത്രങ്ങളും നിർമ്മാണമാരംഭിക്കുന്നതിന് വളരെ മുൻപേ തന്നെ ഇത്തരത്തിൽ സൂക്ഷിക്കുന്നത് മാർഗ്ഗതടസ്സം സൃഷ്ടിക്കുന്നതും അപകടങ്ങൾക്ക് ഇടയാക്കുന്നതുമാണെന്നുള്ള വസ്തുത ഗൗരവമായി കാണുന്നുണ്ടോ;

(ഡി) എങ്കിൽ ഈ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും സുഗമമായ സഞ്ചാരം ഉറപ്പുവരുത്തുംവിധം റോഡുകളെയും നടപ്പാതകളെയും സുരക്ഷിതമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

(സി) & (ഡി) ഗൗരവമായി കാണുന്നുണ്ട്. റോഡുകളുടെ നിർമ്മാണത്തിനും മറ്റുമായി യന്ത്രങ്ങളും നിർമ്മാണ സാമഗ്രികളും റോഡരികിലും മറ്റും സൂക്ഷിക്കുന്നത് മാർഗ്ഗതടസ്സം, അപകടങ്ങൾ മുതലായവയ്ക്ക് കാരണമാകുമെന്നതിനാൽ പ്രസ്തുത സാഹചര്യങ്ങൾ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ഡിവിഷനുകളിലേയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ റോഡുകളുടെ നിർമ്മാണത്തിനും മറ്റുമായി യന്ത്രങ്ങളും നിർമ്മാണ സാമഗ്രികളും റോഡരികിലും മറ്റും സൂക്ഷിക്കുന്നത് പരമാവധി ഒഴിവാക്കിയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ജനപ്രതിനിധികളും പ്രാദേശിക സർക്കാരുകളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും പോലീസും റവന്യൂ ഉദ്യോഗസ്ഥരും ഗതാഗതവകുപ്പും ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി നിയമം നടപ്പിലാക്കാൻ സഹായിച്ചാലേ വിജയിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**